പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണ ഫണ്ട്

171 (1929) ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. ബാബു :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളുടെ അധികാരപരിധിയിൽ വരുന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും അടിയന്തിരമായി നടത്തുന്നതിന് പുതിയ ഭരണസമിതികൾക്ക് എന്തൊക്കെ പൊതുനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി ഓരോ തലത്തിലുള്ള തദ്ദേശസ്ഥാപനങ്ങൾക്കും ഈ വർഷം എന്തൊക്കെ പ്രത്യേക സാമ്പത്തിക സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) പല പഞ്ചായത്തുകൾക്കും റോഡുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഈ പഞ്ചായത്തുകൾക്ക് ഇതിനായി പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളിൽ സഞ്ചാരയോഗ്യമല്ലാത്തവ അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുവാൻ റോഡ് പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കുഴികൾ നികത്തുക, തകർന്നുപോയ ഭാഗം പൂർവ്വസ്ഥിതിയിലാക്കുക മുതലായ അറ്റകുറ്റപ്പണികളും റീ-ടാറിംഗ് പണികളും നിലവിലുള്ള മെറ്റൽ റോഡുകളുടെ ടാറിംഗ് പ്രവർത്തികളും ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.

(ബി&സി) വികസന ഫണ്ട് വിഹിതത്തിന്റെ പശ്ചാത്തല മേഖലാ വിഹിതം, റോഡ് മെയിന്റനൻസ് ഫണ്ട്, തനത്/ജനറൽ പർപ്പസ് ഫണ്ട് മിച്ചം എന്നീ സ്രോതസ്സുകളിൽ നിന്നാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖ്യമായും റോഡ് പുനരുദ്ധാരണ പദ്ധതിക്ക് ഫണ്ട് കണ്ടെത്തേണ്ടത്. ഈ പദ്ധതിക്ക് കൂടുതൽ തുക കണ്ടെത്തുന്നതിന്റെ ഭാഗമായി പശ്ചാത്തല മേഖലയുടെ വിഹിതം 20-ൽ നിന്ന് 30 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 2010-11-ലെ റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ 20 ശതമാനം തുക വിനിയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇവയ്ക്കെല്ലാം പുറമേ അധിക വിഹിതമായി 283.66 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly